**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2722** **06-10-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഊർജ്ജ നയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ (എ. എം. ഐ. ) നടപ്പിലാക്കുന്നത് കെ. എസ്. ഇ. ബി. എൽ. വൈകിപ്പിക്കുന്നതിനാൽ കേന്ദ്ര സർക്കാർ നല്കിയിട്ടുള്ള നിശ്ചിത തീയതിക്കുള്ളിൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യത്തിൽ എനർജി ഓഡിറ്റിംഗ് പോലെയുള്ള ഭാവി പ്രശ്നങ്ങളെ അതിജീവിക്കുവാൻ കെ. എസ്. ഇ. ബി. എൽ. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മികച്ച ഒരു എനർജി ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രച്ചർ (AMI) പദ്ധതി നടപ്പിലാക്കുന്നതിന് KSEBL 3 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവർത്തികൾ ഒന്നാം ഘട്ടം എന്ന നിലയ്ക്ക് പുരോഗമിച്ചുവരുന്നു. ഇതു പ്രകാരം സംസ്ഥാനത്തെ എല്ലാ HT ഫീഡർ മീറ്ററുകളും ഒക്ടോബർ 2025-ഓടെ സ്മാർട്ട് മീറ്ററുകളിലേക്ക് മാറുന്നതാണ്. 2026-മാർച്ചോടെ എല്ലാ ട്രാൻസ്ഫോമർ മീറ്ററുകളും സർക്കാർ സ്ഥാപനങ്ങളുടെ മീറ്ററുകളും തുടർന്ന് എല്ലാ HT ഉപഭോക്താക്കളുടെ മീറ്ററുകളും സ്മാർട്ട് മീറ്ററാക്കുകയും ചെയ്യുന്നതാണ്.<br><br>രണ്ടാം ഘട്ടമായി 50 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവർത്തിയുടെ നടപടികൾ പുരോഗിമിക്കുന്നു.<br><br>ഈ പ്രവൃത്തികൾക്ക് സമാന്തരമായി ഊർജ്ജ ഓഡിറ്റിങ്ങിനായുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള (RDSS-പദ്ധതിയുടെ ഭാഗമായി) വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഈ സോഫ്റ്റ് വെയറിന്റെ നിർമ്മാണം 2026-മാർച്ചിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഇതര സംസ്ഥാനങ്ങൾ വൈദ്യുതി ഉൽപ്പാദന വിതരണ സംവിധാനത്തിനായി കേന്ദ്ര ഊർജ വകുപ്പ് നിർദേശിച്ച പൊതു മാനദണ്ഡങ്ങളെ അവലംബിച്ച് പ്രവർത്തനം വിജയകരമായി നടപ്പിലാക്കുമ്പോൾ സംസ്ഥാനം അതിന് വിരുദ്ധമായി ഒരു ബദൽ നയം മുന്നോട്ടു വയ്ക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | വൈദ്യുതി ഉൽപ്പാദന വിതരണ സംവിധാനത്തിനായി കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ നയങ്ങൾക്ക് വിരുദ്ധമായി പ്രവർത്തനം നടത്തിയിട്ടില്ല. RDSS പദ്ധതിക്ക് അനുസരിച്ചുള്ള പ്രോജക്ടുകളാണ് നടപ്പാക്കി കൊണ്ടിരിക്കുന്നത്. എന്നാൽ AMI പ്രോജക്റ്റ്, കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന രീതിയിൽ നടപ്പാക്കുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടും ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയും കണക്കിലെടുത്ത് ടി. പ്രോജക്റ്റ് വ്യത്യസ്തമായ രീതിയിൽ നടപ്പാക്കാനാണ് |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുള്ളത്. ആയതിന് കേന്ദ്ര ഗവൺമെന്റിന്റെ സമ്മതം ലഭിച്ചിട്ടുള്ളതുമാണ്. |
| (സി) | 2040-ഓടെ 100% പുനരുപയോഗ ഊർജ്ജ ഉപയോഗവും 2050-ഓടെ നെറ്റ് സീറോ എമിഷനും കൈവരിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ എനർജി ട്രാൻസിഷൻ റോഡ് മാപ്പ് എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | 2040 നോട് കൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പൂർണമായും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും കണ്ടെത്താനും, ഒപ്പം 2050-ഓട് കൂടി കാർബൺ ന്യൂട്രൽ ആക്കുക എന്നതാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനോട് ചേർന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നിരവധി ഇടപെടലുകൾ ആരംഭിക്കുകയും അവയുടെ പുരോഗതി നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും പുനരുപയോഗ ഊർജ്ജ വികസനം, ഗ്രീൻ മൊബിലിറ്റി, സമ്പൂർണ വൈദ്യുതീകരണം തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്. 2030-ഓടെ സംസ്ഥാന വൈദ്യുതി ആവശ്യങ്ങളുടെ പ്രധാന ഭാഗം നവീകരണ ശേഷിയുള്ള ഉറവിടങ്ങളിൽ നിന്നും നേടുക. Transmission & Distribution Loss കുറയ്ക്കൽ എന്നീ ലക്ഷ്യങ്ങൾ നേടാൻ ശ്രമിക്കും. ഇതിന്റെ ഭാഗമായി കൂടുതൽ സൗരോർജ്ജ നിലയങ്ങൾ, കാറ്റാടിപ്പാടങ്ങൾ, വൻകിട / ചെറുകിട ജല വൈദ്യുത പദ്ധതികൾ, പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങൾ, ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ 187.536 MW ശേഷിയുള്ള 10 ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു; കൂടാതെ 92 MW ശേഷിയുള്ള 13 ചെറുകിട പദ്ധതികൾ 2030 നുള്ളിൽ പൂർത്തീകരിക്കും. ഇതിനുപുറമേ വരും വർഷങ്ങളിൽ ഏകദേശം 1500 MW വൻകിട ജലവൈദ്യുതി പദ്ധതികളിൽ നിന്നും കണ്ടെത്താൻ ഉദ്ദേശിക്കുന്നു. 800 MW സ്ഥാപിത ശേഷിയുമായി ഇടുക്കി പദ്ധതിയുടെ രണ്ടാം ഘട്ടം, 240 MW ശേഷിയിൽ ലക്ഷ്മി പദ്ധതി, എന്നിവയ്ക്കു പുറമേ പതിനഞ്ചോളം മറ്റ് ജലവൈദ്യുതി പദ്ധതികളും പരിഗണനയിൽ ഉണ്ട്. ഈ കാലയളവിനുള്ളിൽ 350 MW വരെ കാറ്റാടി നിലയങ്ങളിൽ നിന്ന് കണ്ടെത്താൻ സാധിക്കും എന്ന് കരുതുന്നു. 2030ഓടു കൂടി സോളാർ സ്ഥാപിത ശേഷി 3000-3500 MW ആകാൻ ഇടയുണ്ട്. പകൽ സമയം മിച്ചവൈദ്യുതിയും രാത്രികാലങ്ങളിൽ കടുത്ത കമ്മിയും എന്ന സ്ഥിതി വരും വർഷങ്ങളിൽ കൂടുതൽ പ്രകടമാകും എന്ന് കരുതുന്നു. ഇത് കണക്കിലെടുത്ത് സ്റ്റോറേജ് നിലയങ്ങൾ സ്ഥാപിക്കും. വരുംവർഷങ്ങളിൽ പത്ത് നിലയങ്ങളിൽ നിന്നായി 3300 MW പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ഏകദേശം 3000 MW/5000 MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് പദ്ധതികളും ആവശ്യാനുസരണം കേരളത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ 250 MW/ 1000 |

| | | | |
|---|---|---|---|
| | | | MWh BESS ഉടൻതന്നെ നടപ്പിലാക്കും. ഊർജ്ജ സ്വയംപര്യാപ്തത ലക്ഷ്യമാക്കി വിഷൻ-2030 എന്ന പദ്ധതി വിഭാവനം ചെയ്യുകയും ഇതിൽ ഉൾപ്പെടുത്തി മുകളിൽ വിവരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുകയുമാണ്.<br><br>2040-ഓടെ 100 % പുനരുപയോഗ ഊർജ്ജ ഉപയോഗവും 2050-ഓടെ നെറ്റ് സീറോ എമിഷനും കൈവരിക്കുന്നതിനായി നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികളുടെ ഭാഗമായി, സൗരപുരപ്പുറ പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49402 നിലയങ്ങൾ കമ്മീഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, പ്രധാന മന്ത്രി സൂര്യ ഘർ യോജന, പി എം കുസും, സോളാർ സിറ്റി, ഡാം ടോപ്പ്, കനാൽ ടോപ്പ്, ഗ്രൗണ്ട് ടോപ്പ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിങ്ങ് സോളാർ തുടങ്ങി വിവിധ നിലയങ്ങളിലായി 30.08.2025 വരെ ആകെ 287240 നിലയങ്ങൾ സ്ഥാപിച്ചത് വഴി 1876.215 MW സൗരോർജ്ജം സോളാർ പദ്ധതിയുടെ ഭാഗമായി ഗ്രിഡിലേക്കു കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്<br><br>വിൻഡ് മേഖലയിൽ, 300 മെഗാവാട്ടിന്റെ പദ്ധതികൾ IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്തു നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങി കഴിഞ്ഞു. അതുപോലെ തന്നെ, കാറ്റിന്റെ ശക്തി താരതമ്യേന കൂടുതൽ ഉള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി / ഉപയോഗ ശൂന്യമായ ഭൂമി / ആദിവാസി ഭൂമി എന്നിവയിൽ നിന്നും 350 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ നടപ്പിലാക്കാനുള്ള നടപടികളും തുടങ്ങി കഴിഞ്ഞു. |
| (ഡി) | 2025 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്ക് പുരപ്പുറ സോളാർ ഉല്പാദകർ കയറ്റുമതി ചെയ്ത മിച്ച സൗരോർജ്ജത്തിനുള്ള സെറ്റിൽമെന്റ് നിരക്ക് (എ. പി. പി. സി. ) പ്രഖ്യാപിക്കുന്നതിന് കെ. എസ്. ഇ. ആർ. സി. സ്വന്തം റെഗുലേഷൻ ( കെ. എസ്. ഇ. ആർ. സി. പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ 2020) ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഡി) | 2025 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തേക്ക്, പുരപ്പുറ സോളാർ ഉൽപ്പാദകർ ഗ്രിഡിലേക്ക്, പകൽ സമയത്ത് നൽകിയ അധിക വൈദ്യുതിക്ക് യൂണിറ്റിന് 3 രൂപ 26 പൈസയാണ് കമ്മീഷൻ അംഗീകരിച്ചത്. 2024 മാർച്ച് 31ന് അവസാനിച്ച വർഷത്തേക്ക് അംഗീകരിച്ച നിരക്ക് യൂണിറ്റിന് 3 രൂപ 15 പൈസ ആയിരുന്നു. ഇതിനേക്കാൾ യൂണിറ്റിന് 11 പൈസ കൂടുതൽ ആണ് 2025 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തേക്ക് അംഗീകരിച്ചുനൽകിയിട്ടുള്ളത്.<br><br>മുൻ വർഷത്തെ വൈദ്യുതി വാങ്ങൽ ചിലവിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്ത് പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് |

നൽകുന്ന അധിക വൈദ്യുതിയുടെ സെറ്റിൽമെന്റ് നിരക്ക് നിശ്ചയിച്ചിരുന്നത്.

എന്നാൽ 2023-24 വർഷത്തേക്ക്, താഴെപ്പറയുന്ന കാരണങ്ങളാൽ, വൈകുന്നേരം 6 മണി മുതൽ 10 മണി വരെയും, കൂടാതെ രാത്രി 10 മണി മുതൽ രാവിലെ 9 മണി വരെയുമുള്ള സമയങ്ങളിൽ വൈദ്യുതി ഉപയോഗം ക്രമാതീതമായി വർദ്ധിക്കുകയും, അതു കാരണം ടി സമയങ്ങളിലെ വൈദ്യുതി വാങ്ങൽ ചിലവ് നിയന്ത്രണാതീതമായി വർദ്ധിക്കുകയും ചെയ്തിരുന്നു.

(1) സംസ്ഥാനത്ത് 2023-24 വർഷത്തിൽ, ലഭിച്ച മഴ, സാധാരണ ലഭിക്കുന്നതിനേക്കാൾ വളരെ കുറവായിരുന്നു. ഇതു കാരണം ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉൽപ്പാദനത്തിൽ സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ 1477 ദശലക്ഷം യൂണിറ്റ് കുറവുണ്ടായിരുന്നു.

(ii) രാജ്യത്താകമാനവും, സംസ്ഥാനത്ത് പ്രത്യേകിച്ചും 2023-24 വർഷത്തിൽ ഉഷ്ണതരംഗം വീശിയിരുന്നു. ടി കാരണത്താൽ, പീക്ക് ഡിമാന്റും, വൈദ്യുതി ഉപയോഗവും ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ടി കാരണത്താൽ 2023-24 വർഷത്തിൽ വൈദ്യുതി ഉപയോഗം സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ 2422 ദശലക്ഷം യൂണിറ്റ് വർദ്ധിച്ചിരുന്നു.

വരൾച്ചയും, ഉഷ്ണതരംഗവും പ്രകൃതി ദുരന്തത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതാണ്. ടി അനിയന്ത്രിതമായ സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനും, സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഒഴിവാക്കുന്നതിനും വേണ്ടി, യൂണിറ്റിന് 10 രൂപ മുതൽ 12 രൂപ വരെ നിരക്കിൽ പീക്ക് സമയത്തും, രാത്രി കാലങ്ങളിലും വാങ്ങിക്കുകയുണ്ടായി. ഇതു കാരണം, വൈദ്യുതി വാങ്ങൽ ചിലവ് 2022-23 ൽ യൂണിറ്റിന് 3 രൂപ 15 പൈസയായിരുന്നത്, 2023-24 വർഷത്തേക്ക് 4 രൂപ 34 പൈസയായി വർദ്ധിച്ചിരുന്നു.

സോളാർ ഉൽപ്പാദകർ പകൽ സമയത്ത് മാത്രമാണ് അധിക വൈദ്യുതി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഗ്രിഡിലേക്ക് നൽകിയത്. ഇവർ നൽകിയ വൈദ്യുതി പീക്ക് സമയത്തും രാത്രികാലങ്ങളിലും തിരികെ നൽകുന്നതിനും, 10 രൂപ മുതൽ 12 രൂപ വരെയുള്ള അധികനിരക്കിൽ വൈദ്യുതി വാങ്ങി നൽകേണ്ടി വന്നു.

| | | | |
|---|---|---|---|
| | | | മേൽകാരണങ്ങളാൽ, പീക്ക് സമയത്തും, രാത്രി കാലങ്ങളിലുമുണ്ടായ, ക്രമാതീതമായ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുവേണ്ടി, പീക്ക് സമയത്തും രാത്രികാലങ്ങളിൽ അമിത വിലക്ക് വാങ്ങേണ്ടി വന്ന വൈദ്യുതി നിരക്ക്, പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് കയറ്റുമതി ചെയ്യു അധിക വൈദ്യുതിക്ക് നൽകുന്നത് ഔചിത്യമല്ലെന്നാണ് കമ്മീഷൻ<br><br>വിലയിരുത്തിയത്. എന്നാൽ; 2023-24 വർഷത്തിൽ, 2022-23നെ അപേക്ഷിച്ചുണ്ടായ ഇൻഫ്ളേഷൻ കൂടി കണക്കിലെടുത്ത് മുൻവർഷത്തെ അപേക്ഷിച്ച്, യൂണിറ്റിന് 11 പൈസ അധികമായി നൽകി, 3 രൂപ 26 പൈസയാണ് 2024-25 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തേക്ക് സെറ്റിൽമെന്റ് നിരക്കായി കമ്മീഷൻ അംഗീകരിച്ചത്. |
| (ഇ) | 2020-ലെ പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് ചട്ടങ്ങളെ മറികടന്ന് കെ. എസ്. ഇ. ആർ. സി. ഉപഭോക്താക്കൾക്ക് കുറഞ്ഞ സെറ്റിൽമെന്റ് നിരക്ക് പ്രഖ്യാപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (ഇ) | 2025 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തേക്ക്, പുരപ്പുറ സോളാർ ഉൽപ്പാദകർ ഗ്രിഡിലേക്ക്, പകൽ സമയത്ത് നൽകിയ അധിക വൈദ്യുതിക്ക് യൂണിറ്റിന് 3 രൂപ 26 പൈസയാണ് കമ്മീഷൻ അംഗീകരിച്ചത്. 2024 മാർച്ച് 31ന് അവസാനിച്ച വർഷത്തേക്ക് അംഗീകരിച്ച നിരക്ക് യൂണിറ്റിന് 3 രൂപ 15 പൈസ ആയിരുന്നു. ഇതിനേക്കാൾ യുണിറ്റിന് 11 പൈസ കൂടുതൽ ആണ് 2025 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തേക്ക് അംഗീകരിച്ചുനൽകിയിട്ടുള്ളത്.<br><br>മുൻ വർഷത്തെ വൈദ്യുതി വാങ്ങൽ ചിലവിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്ത് പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയുടെ സെറ്റിൽമെന്റ് നിരക്ക് നിശ്ചയിച്ചിരുന്നത്.<br><br>എന്നാൽ 2023-24 വർഷത്തേക്ക്, താഴെപ്പറയുന്ന കാരണങ്ങളാൽ, വൈകുന്നേരം 6 മണി മുതൽ 10 മണി വരെയും, കൂടാതെ രാത്രി 10 മണി മുതൽ രാവിലെ 9 മണി വരെയുമുള്ള സമയങ്ങളിൽ വൈദ്യുതി ഉപയോഗം ക്രമാതീതമായി വർദ്ധിക്കുകയും, അതു കാരണം ടി സമയങ്ങളിലെ വൈദ്യുതി വാങ്ങൽ ചിലവ് നിയന്ത്രണാതീതമായി വർദ്ധിക്കുകയും ചെയ്തിരുന്നു.<br><br>(1) സംസ്ഥാനത്ത് 2023-24 വർഷത്തിൽ, ലഭിച്ച മഴ, സാധാരണ ലഭിക്കുന്നതിനേക്കാൾ വളരെ കുറവായിരുന്നു. ഇതു കാരണം ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉൽപ്പാദനത്തിൽ |

| | | | |
|---|---|---|---|
| | | | സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ 1477 ദശലക്ഷം യൂണിറ്റ് കുറവുണ്ടായിരുന്നു.<br><br>(ii) രാജ്യത്താകമാനവും, സംസ്ഥാനത്ത് പ്രത്യേകിച്ചും 2023-24 വർഷത്തിൽ ഉഷ്ണതരംഗം വീശിയിരുന്നു. ടി കാരണത്താൽ, പീക്ക് ഡിമാന്റും, വൈദ്യുതി ഉപയോഗവും ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ടി കാരണത്താൽ 2023-24 വർഷത്തിൽ വൈദ്യുതി ഉപയോഗം സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ 2422 ദശലക്ഷം യൂണിറ്റ് വർദ്ധിച്ചിരുന്നു.<br><br>വരൾച്ചയും, ഉഷ്ണതരംഗവും പ്രകൃതി ദുരന്തത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതാണ്. ടി അനിയന്ത്രിതമായ സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനും, സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഒഴിവാക്കുന്നതിനും വേണ്ടി, യൂണിറ്റിന് 10 രൂപ മുതൽ 12 രൂപ വരെ നിരക്കിൽ പീക്ക് സമയത്തും, രാത്രി കാലങ്ങളിലും വാങ്ങിക്കുകയുണ്ടായി. ഇതു കാരണം, വൈദ്യുതി വാങ്ങൽ ചിലവ് 2022-23 ൽ യൂണിറ്റിന് 3 രൂപ 15 പൈസയായിരുന്നത്, 2023-24 വർഷത്തേക്ക് 4 രൂപ 34 പൈസയായി വർദ്ധിച്ചിരുന്നു.<br><br>സോളാർ ഉൽപ്പാദകർ പകൽ സമയത്ത് മാത്രമാണ് അധിക വൈദ്യുതി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഗ്രിഡിലേക്ക് നൽകിയത്. ഇവർ നൽകിയ വൈദ്യുതി പീക്ക് സമയത്തും രാത്രികാലങ്ങളിലും തിരികെ നൽകുന്നതിനും, 10 രൂപ മുതൽ 12 രൂപ വരെയുള്ള അധികനിരക്കിൽ വൈദ്യുതി വാങ്ങി നൽകേണ്ടി വന്നു.<br><br>മേൽകാരണങ്ങളാൽ, പീക്ക് സമയത്തും, രാത്രി കാലങ്ങളിലുമുണ്ടായ, ക്രമാതീതമായ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുവേണ്ടി, പീക്ക് സമയത്തും രാത്രികാലങ്ങളിൽ അമിത വിലക്ക് വാങ്ങേണ്ടി വന്ന വൈദ്യുതി നിരക്ക്, പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് കയറ്റുമതി ചെയ്യുന്ന അധിക വൈദ്യുതിക്ക് നൽകുന്നത് ഔചിത്യമല്ലെന്നാണ് കമ്മീഷൻ<br><br>വിലയിരുത്തിയത്. എന്നാൽ; 2023-24 വർഷത്തിൽ, 2022-23നെ അപേക്ഷിച്ചുണ്ടായ ഇൻഫ്ളേഷൻ കൂടി കണക്കിലെടുത്ത് മുൻവർഷത്തെ അപേക്ഷിച്ച്, യൂണിറ്റിന് 11 പൈസ അധികമായി നൽകി, 3 രൂപ 26 പൈസയാണ് 2024-25 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തേക്ക് സെറ്റിൽമെന്റ് നിരക്കായി കമ്മീഷൻ അംഗീകരിച്ചത്. |

സെക്ഷൻ ഓഫീസർ